**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2319** **30-07-2021 - ൽ മറുപടിയ്ക്ക്**

**വേമ്പനാട്ട് കായലിലെ ശുദ്ധീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വേമ്പനാട്ട് കായലിലെ പോളപായൽ നീക്കം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വേമ്പനാട് കായലിന്റെയും ബന്ധപ്പെട്ട തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, ആവാസ വ്യവസ്ഥ നിലനിർത്തി ജലത്തിന്റെ ഒഴുക്ക് തടസ്സം കൂടാതെ പുനസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് “വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം”. 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ട്ശ്ശേരി, തുടങ്ങിയ 9 പഞ്ചായത്തുകളിൽ 50,71,721/- രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000/- രൂപയും അനുവദി ച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കൈനഗിരി, മണ്ണഞ്ചേരി, മുഹമ്മ , പള്ളിപ്പുറം , തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങ ളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘ ങ്ങളിലെ ഇരുപത്തിഅഞ്ച് മത്സ്യത്തൊഴി ലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവർത്തിയ്ക്കായി 2021-2022 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ പോള പായൽ, മൺത്തിട്ടകൾ എന്നിവ നീക്കം ചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുമുള്ള നടപടിയുടെ ആദ്യ |

| | | | |
|---|---|---|---|
| | | | ഘട്ടമായി വേമ്പനാട് കായൽ പ്രദേശ പരിധിയിലെ ബഹു. എം.പി മാർ, ബഹു. എംഎൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലൊ കളക്ടർ, കൃഷി. ജലസേചനം, പഞ്ചായത്ത് , ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗ സ്ഥൻമാരെ ഉൾപ്പെടുത്തി സർക്കാർ തലത്തിൽ യോഗം നടത്തിയിരുന്നു. കോർഡിനേഷൻ കമ്മറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പോളപായലിന്റെ വരവ് മൂലം ഊന്നിവലകൾക്കും മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചതിന് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഊന്നിവലകളുടെയും മറ്റും നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ? | (സി) | വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ